പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 197 — 07/02/2019 ൽ മറുപടിക്ക്

**ശബരിമല തീർത്ഥാടകർക്കായി ഇടത്താവളങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.എസ്.ശിവകുമാർ | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടകർക്കായി ഇടത്താവളങ്ങൾ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഇടത്താവളങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ശബരിമല തീർത്ഥാടനത്തിനോടനുബന്ധിച്ച് സംസ്ഥാനത്തിനകത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന അയ്യപ്പ ഭക്തർക്ക് മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള ദേശീയ പാതകളിൽ ഉള്ള പ്രധാന ക്ഷേത്രങ്ങളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇടത്താവള സമുച്ചയങ്ങളിൽ താമസം, ഭക്ഷണം, വാഹനം പാർക്കിംഗ്,വിശ്രമം, ശുചിമുറികൾ എന്നീ സൗകര്യങ്ങളാണ് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ശബരിമലയിലെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് ഇടത്താവളങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ഇല്ല. പൊതു മേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെയും സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ